© 2018 IJCRT | Volume 6, Issue 2 May 2018 | ISSN: 2320-2882

# ആധുനിക വിമർശന രീതികളും സാഹിത്യ സിദ്ധാന്ത ചർച്ചയും

(ഗവേഷണ പഠനം തയ്യാറാക്കിയത്: ഡോ. എം രഞ്ജിത്ത്)

സാഹിത്യകൃതികൾ ഉണ്ടാകുമ്പോൾ അതിന് അനുപൂരകമായി സാഹിത്യ വിമർശന രീതികളും സാഹിത്യ സിദ്ധാന്തങ്ങളും രൂപപ്പെടുക സ്വാഭാവികമാണ്. മാനവികതയുടെ നൈരന്തര്യത്തിന് ഏറ്റവും ആവശ്യമായ ഒന്നാണ് ഭാഷ. അത് ഉപയോഗിച്ച് രചിക്കപ്പെടുന്ന സാഹിത്യം ആസ്വദിക്കപ്പെടേണ്ടത് തന്നെയാണ്. അവ മനുഷ്യനെ അനുയോജ്യവും അനുപേക്ഷണീയവും ആയ ജീവിത ചിന്താ പദ്ധതിയിലേക്ക് അടുപ്പിക്കാൻ ഉതകുന്നതും ആകണം. അവിടെയാണ് സാഹിത്യത്തിന് കലയുടെ സ്ഥാനം കൈവരുന്നതിന്റെ പ്രാധാന്യം കണ്ടെത്തേണ്ടത്. അങ്ങനെ വരുമ്പോൾ നിയതമായ നിയമങ്ങളുടെ അടിസ്ഥാനത്തിൽ സാഹിത്യ തത്വങ്ങളെയും സാഹിത്യ വിമർശന രീതികളെയും രൂപപ്പെടുത്തേണ്ടതും ആവശ്യമാണ്. കാലഘട്ടവും സാഹചര്യവും ആവശ്യപ്പെടുന്നതിന് അനുസരിച്ച് വ്യത്യസ്തമായ സാഹിത്യ തത്വചിന്താ പദ്ധതികൾ ഇവിടെ രൂപപ്പെട്ടിട്ടുണ്ട്. ക്ലാസിസം, നിയോക്ലാസിസം, റൊമാൻറിസം,റിയലിസം,മിസ്റ്റിസിസ്സം തുടങ്ങിയവയിൽ ഏത് പ്രസ്ഥാനത്തിൽപ്പെട്ട കൃതികൾ ആയാലും നിയതവും വ്യക്തവുമായ മാനദണ്ഡങ്ങൾ അനുസരിച്ച് അവ വിലയിരുത്തപ്പെടേണ്ടതാണ്. എങ്കിൽ മാത്രമേ നല്ല കൃതികളുടെ തുടർച്ചയും വ്യക്തമായ സാഹിത്യ അവബോധവും നമുക്ക് ഉണ്ടാകൂ.അങ്ങനെ വന്നാലേ നല്ല കൃതികളുടെ അനുസന്ധാനത്തിലൂ ടെയുള്ള മനസ്സംസ്കരണവും പുരോഗതിയും വ്യക്തിക്കും സമൂഹത്തിനും കൈവരിക്കാൻ ആവുകയുള്ളൂ.

നിലവിൽ ധാരാളം സാഹിത്യ സിദ്ധാന്തങ്ങളും നിരൂപണ മാർഗങ്ങളും ഉണ്ട് എന്ന് നമുക്കറിയാം. അവയിൽ ആധുനികമായ ചില സിദ്ധാന്തങ്ങൾ പരിശോധിച്ചു ഒരു നവനിരൂപണരീതിയുടെ സാധ്യത പരിശോധിക്കാൻ കഴിയുന്നതാണ്. ഭാഷാ ശാസ്ത്രത്തിൻറെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ഒരു വിമർശന സിദ്ധാന്തമാണ് ശൈലി വിജ്ഞാനം എന്ന് നമുക്കറിയാം. ഇതനുസരിച്ച് സ്വാശ്രയവും പ്രതിഫലനാത്മകവുമായ ഒരു ക്രിയാത്മകതയായി കലയെ അഥവാ സാഹിത്യത്തെ കാണുന്നുണ്ട്. ഒട്ടനവധി ഘടകങ്ങൾ അതിന് നിയാമകങ്ങളും ആണ്. ഇത് റഷ്യൻ ഫോർമലിസത്തിൻ്റെ തുടർച്ചയാണ്. കലാപരമായ നിർമ്മിതി മാത്രമല്ല സാഹിത്യ രചന എന്നും നല്ല രീതിയിൽ കൃത്രിമമായി സൃഷ്ടിക്കുന്നതാണെന്നും ഫോർമിലിസ്റ്റുകൾ വാദിക്കുന്നുണ്ട്. സാഹിത്യകൃതിയുടെ സ്വയം നിഷ്ഠ തയിൽ ആണ് റഷ്യൻ രൂപവാദികൾ വിശ്വസിച്ചത്. ഭാഷയെ കൗശലപൂർവ്വം ഉപയോഗപ്പെടുത്തുന്നവനാണ് കവി എന്ന് അവർ കണ്ടെത്തുന്നു. പ്രാസം, താളം, ശബ്ദം മുതലായ തന്ത്രങ്ങളാൽ നിർമിക്കപ്പെട്ട ഒരു ഘടനയാണ് സാഹിത്യ കൃതിക്കുള്ളതെന്ന് അവർ വിശ്വസിച്ചു. ഭാഷയുടെ പ്രവർത്തനങ്ങളെ സന്ദർഭം, പ്രേക്ഷകൻ, സ്വീകർത്താവ്, സംബന്ധം, സൂചകം, സന്ദേശം എന്നിങ്ങനെ വേർതിരിച്ചിരിക്കുന്നു. ഈ ചട്ടക്കൂട്ടിൽ നിർത്തി കാവ്യഭാഷയെ നിരീക്ഷിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്നതും സാധാരണ പ്രയോഗങ്ങളിൽ നിന്നുള്ള വ്യതിയാനം ആയി അതിനെ തിരിച്ചറിയുകയും ചെയ്യുന്നതും ശൈലി വിജ്ഞാനത്തിന്റെ കാതലാണ്. ശൈലി വിജ്ഞാനീയത്തിൽ കാണുന്ന കാവ്യാത്മകമായ ലാവണ്യ സിദ്ധിയെ ലക്ഷ്യമാക്കിയുള്ള ഭാഷാ വിനിയോഗങ്ങൾ ഉണ്ടെന്ന് കാണാം. അതിനെ ധ്വനിഘടന, വാക്യഘടന, ബിംബകല്പന എന്നിവയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നു എന്നതും ഇതിൻറെ പ്രത്യേകതയാണ്.

ഭാഷയുടെ സാധ്യതകളെ ആധാരമാക്കി വീണ്ടും പല പുതിയ കാഴ്ചപ്പാടുകളും രൂപപ്പെട്ടു. ശൈലീ വിജ്ഞാന തന്ത്രങ്ങൾ എല്ലായിപ്പോഴും എല്ലായിടത്തും ഫലപ്രദമാകണമെന്നില്ല. അതുപോലെ രൂപത്തെ ഫലപ്രദമായി നിർവചിക്കാൻ റഷ്യൻ ഫോർമലിസ്റ്റുകൾക്കും സാധിച്ചു എന്ന് പറയാൻ കഴിയില്ല. ഭാഷയുടെ ഏകകാലിക പഠനം പുതിയ ചിന്താധാരകൾക്ക് വഴിവെച്ചു. വ്യക്തിയുടെ ഭാഷീയ നിർവഹണത്തെ 'ഭാഷണം' എന്ന് ഫെർഡിനെൻറ് ഡി സൊസ്യൂർ വ്യവഹരിച്ചിട്ടുണ്ട്. സംഭാഷണത്തിന്റെ അടിസ്ഥാന ഘടകത്തെ അദ്ദേഹം ചിഹ്നം എന്ന് വ്യപദേശിക്കുന്നു. ഒരു ചിഹ്നത്തിൽ ഒരു ശബ്ദ ബിംബവും( Sound Image)ഒരു സങ്കല്പവും(Concept) ഉണ്ടായിരിക്കും ചിഹ്നത്തിലെ ശബ്ദ ബിംബത്തെ ചിഹ്നകം( Signifier )എന്നും സങ്കല്പനത്തെ ചിന്ഹിതം(Signified )എന്നും വിളിക്കുന്നു. ഭാരതീയ സാഹിത്യമീമാംസാ സംബന്ധമായി പറഞ്ഞാൽ ചിഹ്നകം അഭിധാനവും ചിഹ്നിതം അഭിധേയവും ആണ്. .ആഗമിക ഭാഷാ ശാസ്ത്രത്തിന് എതിരായി ചിന്തിച്ച സൊസ്യൂർ ഭാഷാ പഠനം കാലികമോ സ്ഥലാശ്രിതമോ ആകണമെന്നും ചൂണ്ടിക്കാട്ടി. കാലാശ്രിതമായ ഭാഷാ പഠനത്തെ ആഗമികം എന്നുവിളിച്ച സൊസ്യൂർ ഏകകാലിക ഭാഷാ പഠനം ഭാഷയുടെ ശാശ്വത ഘടനയുടെ വിശകലനം ആണെന്ന് വ്യക്തമാക്കി.

വ്യതിരേകങ്ങളുടെ ഒരു വ്യവസ്ഥ ആണല്ലോ ഭാഷ. സംബന്ധങ്ങളുടെ, വിപരീതത്വങ്ങളുടെ, വ്യവസ്ഥയുടെ, പഠനത്തിലൂടെ ആണ് ഭാഷാപഠനം നിർവഹിക്കപ്പെടേണ്ടത്. സംബന്ധങ്ങളുടേതായ വ്യവസ്ഥകളും അവയിൽ അധിഷ്ഠിതമായ ഘടനകളുടെ പഠനവും ആണ് സ്ട്രക്ചറലിസം. അർത്ഥസംവാഹങ്ങളായ ചിഹ്നങ്ങളാണ് അതിനടിസ്ഥാനം. സാഹിത്യത്തിൻറെ സമഗ്ര വ്യവസ്ഥയിലെ ഒരു സന്ദർഭമായി ഒരു കൃതിയെ കണക്കാക്കാം. ഓരോ മൗലിക രചനയും ഭാഷാ ശാസ്ത്രപരമായി ഒരു നിർമ്മിതി ആകുന്നു. സാഹിത്യം എന്ന സ്ഥാപനമാണ് വായനക്കാരനെ നിയന്ത്രിക്കുന്നത്. കാവ്യാനു ശീലനത്തിനുതകുന്ന പാഠങ്ങളുടെ അനന്തരഫലം ആണല്ലോ 'ആസ്വാദന'വും. ഒരു വ്യവസ്ഥയുടെ ഭാഗമായിരിക്കും ഓരോ രചനയും. പാഠത്തിനുവേണ്ടി ഒരു അർത്ഥം രചിക്കുകയാണ് വിമർശകൻ ചെയ്യുന്നത്. വ്യവസ്ഥ അനുസരിച്ച് ഉള്ള നിയമങ്ങൾ അതിന് നിയമങ്ങൾ ആയി / നിയാമകങ്ങൾ ആയി വർത്തിക്കുന്നു എന്ന് മാത്രം.

അധിഷ്ഠാനം ഉപരിഘടന എന്നീ പരികല്പനകൾക്ക് അനുസരിച്ചാണ് ( മേൽപ്പുര, അടിത്തറ) മാർക്സിസം സാഹിത്യത്തെ നോക്കിക്കാണുന്നത്.വർഗ്ഗതാൽപര്യങ്ങൾ സാക്ഷാത്കരിക്കുന്നുണ്ടോ എന്നതും സമൂഹത്തിൻറെ ആഗ്രഹസാഫല്യത്തിന് എത്രത്തോളം ഉപകരിക്കുന്നു എന്നതും സാഹിത്യകൃതിയുടെ മേന്മ വ്യക്തമാക്കുന്ന ഘടകങ്ങളായി യാഥാസ്ഥിതിക മാർക്സിസ്റ്റ് നിരൂപകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ അൽത്തൂസറിൻ്റെ കാലഘട്ടത്തോടെ പുതിയ പ്രവണതകൾ പ്രകടമായി. പ്രത്യയശാസ്ത്രത്തെ കലയോട് അല്ലെങ്കിൽ കലാത്മകതയോട് കൂടുതൽ അടുത്തുവച്ച് വിശകലനം ചെയ്യാൻ അവർ തയ്യാറായി. ഒരവസ്ഥയുടെ അനുഭവം നമുക്ക് കല തരുന്നതായി അംഗീകരിക്കപ്പെട്ടു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ സംഭവിക്കുന്ന രൂപപ്രാപ്തികളെ മറ്റൊരു രൂപത്തിൽ ആക്കി അവതരിപ്പിക്കുകയാണ് കലാകാരന്റെ അഥവാ സാഹിത്യകാരന്റെ ധർമ്മം എന്നത് അംഗീകരിക്കപ്പെട്ടു. ഭാഷയുടെ പരിശോധന ശരിയായ സാഹിതീയ പാരായണത്തിന്റെ ധർമ്മമായും ചൂണ്ടിക്കാണിക്കപ്പെടുന്നു. ഉള്ളടക്കം, രൂപം, അതിൻറെ പാരസ്പര്യം എന്നീ ഘടകങ്ങളെ പറ്റിയുള്ള വൈവിധ്യമാർന്ന വീക്ഷണങ്ങളിലൂടെ നവ മാർക്സിസ്റ്റ് നിരൂപണം ഒരു പരിധിവരെ ഘടനാ വാദാനന്തര നിരൂപണത്തെയും സാധൂകരിച്ചു.

ഒരു രചന നിയതമായ അർത്ഥം വഹിക്കുന്നതായി വാദിക്കുന്ന സാമ്പ്രദായിക അർത്ഥപരികല്പനയെ ചോദ്യം ചെയ്യത് ജാക്വസ് ദറിദയാണ്. വായനക്കാരന് അർഥോൽപാദന പരമായ സ്വതന്ത്ര ലീലയിലൂടെ നിരവധി പാഠങ്ങൾ ഉൽപാദിപ്പിക്കാനുള്ള അവസരം നൽകുകയും ചെയ്യുന്നതായി ദറിദ വ്യക്തമാക്കുന്നു. ഭാഷാ പദങ്ങളുടെ അർത്ഥം മറ്റു കാലങ്ങളിലേക്ക് മാറ്റിവയ്ക്കപ്പെടുമ്പോൾ അവയുടെതായ വ്യതിയാനങ്ങളും ഉണ്ടാകാം. ഒരു ചിഹ്നത്തിനും ഒരു നിശ്ചിദാർത്ഥമില്ലെന്ന് ദറിദ വാദിക്കുന്നു. അതുകൊണ്ടുതന്നെ അപനിർമ്മാണം ഒരു പാഠത്തിന്റെ ഘടനയുടെ പൊളിച്ചടുക്കൽ അല്ലെന്നും പാഠം അതിനെ തന്നെ പൊളിച്ചു വച്ചിരിക്കുന്നത് എങ്ങനെയെന്ന് കാട്ടിത്തരൽ ആണെന്നും സൂചിപ്പിക്കുന്നു. ഒരു പാരായണമാർഗ്ഗം കൂടിയാണിത്. സാഹിത്യകാരൻ നിർമ്മിച്ചു വച്ചിരിക്കുന്നതാണ് പാഠം. വായനക്കാരൻ അതിൻറെ ഘടകങ്ങൾ അഴിച്ച് പരസ്പരബന്ധം വിടുവിച്ച് അർത്ഥ അന്തരം കണ്ടെത്തുന്നു. വീണ്ടും കൂട്ടിച്ചേർത്ത് പുതിയ രൂപം നൽകി മറ്റു വായനക്കാർക്ക് നൽകുന്നു. ഇതിൽ നിന്നും ഓരോ വായനയും ഓരോ എഴുത്താണെന്ന് കാഴ്ചപ്പാടാണ് അപനിർമ്മാണത്തിന്റെ കാതൽ എന്ന് കാണാം. ഈയൊരു ദർശനത്തിന്റെ അടിസ്ഥാനത്തിൽ ഒരു സാഹിത്യകൃതിയെ പൂർണ്ണ തോതിൽ വിലയിരുത്താനും ഒരു നൂതന സാഹിത്യ കൃതിയുടെ രചനയ്ക്കു വേണ്ട നിർദ്ദേശങ്ങൾ നൽകാനും കഴിയും എന്ന് വിശ്വസിക്കാൻ ആകില്ല.
അതുകൊണ്ടുതന്നെ വായനയെ സംബന്ധിച്ച് അതുമായി ബന്ധപ്പെട്ട സാഹിത്യ വിമർശനത്തിനും ഉപകരിക്കുന്ന ഒരു വാദഗതിയായി മാത്രമേ ഇതിനെ കണക്കാക്കാനാകൂ.

ഈ ലോകം മുഴുവൻ ചിഹ്നങ്ങളാൽ നിറഞ്ഞിരിക്കുമ്പോൾ ചിഹ്നങ്ങളുടെ ശാസ്ത്രമായ സെമിയോട്ടിക്സ് അവഗണിക്കപ്പെടേണ്ട ഒന്നല്ല. ഘടനാ വാദവും ശൈലീ വിജ്ഞാനീയവും അഭിധാവൃത്തിയിലൂടെ - ചിഹ്ന സമ്പ്രദായത്തിലൂടെ - സാഹിത്യകൃതിയെ വിലയിരുത്താൻ പോന്ന സെമിയോട്ടിക്സും അതിൻറെ അടിസ്ഥാനത്തിൽ രൂപംകൊണ്ട ആഖ്യാനശാസ്ത്രവും സാഹിത്യത്തിന്റെ മർമ്മം കണ്ടെത്താൻ ഉതകുന്ന ധർമ്മങ്ങൾ ഉൾക്കൊള്ളുന്ന നിയമങ്ങൾ തന്നെയാണ്. ധാരാളം വിമർശന സിദ്ധാന്തങ്ങൾ നമ്മുടെ നാട്ടിൽ രൂപം കൊണ്ടിട്ടുണ്ടെങ്കിലും ഐ എ റിച്ചാർഡ്സിന്റെ വിരുദ്ധചോദനകൾക്ക് രഞ്ജകത്വവും തുലനാവസ്ഥയും കൈവരുന്ന സിനെസ്തേസിസും ഒരിക്കൽ താൻ അനുഭവിച്ച വികാരവിചാരങ്ങളെ തന്നിൽ ഉണർത്തുകയും വർണ്ണങ്ങൾ, ശബ്ദം, പദങ്ങൾ എന്നിവയിലൂടെ മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യുന്ന ലിയോ ടോൾസ്റ്റോയിയുടെ അഭിസംക്രമണവാദവും എന്തും മൂർത്തമായി ആവിഷ്കരിക്കുക എന്ന സിദ്ധാന്തം അനുസരിച്ച് വികാര പ്രകാശനത്തിനു ഉതകുന സംഭവ ശൃംഖലകൾ, കഥാപാത്രങ്ങൾ, ബാഹ്യ വസ്തുക്കൾ, സന്ദർഭങ്ങൾ, പ്രതീകങ്ങൾ, തുടങ്ങിയവ കണ്ടെത്തുക എന്നതാണ് പ്രധാനം എന്ന് തിരിച്ചറിഞ്ഞ ടി എസ് എലിയേറ്റിന്റെ ഒബ്ജക്റ്റീവ് കോറിലേറ്റീവ് ( ബാഹ്യ സംയോജനം) എന്നിവയെല്ലാം തനിമ പുലർത്തുന്ന ഏകതാനവും ആയ സാഹിത്യ മർമ്മത്തെ ഉദ്ഗാനം ചെയ്യുന്ന സിദ്ധാന്തങ്ങൾ തന്നെയാണ്. കൂടാതെ ഗ്രാമീണ ജീവിതത്തിന്റെ നൈസർഗികത്വവും സാരള്യവും പ്രകൃതി ഘടകങ്ങളോടുള്ള ആത്മബന്ധവും ഗ്രാമീണ ഭാഷാ ശൈലിയും കവിതയിലേക്ക് ആവാഹിക്കാൻ ശ്രമിക്കുകയും അതിന് ആഹ്വാനം ചെയ്ത സിദ്ധാന്തങ്ങളും മറ്റും രൂപപ്പെടുത്തിയ വേർഡ്സ്വർത്ത് നൽകിയ സംഭാവനകൾ സ്മരണീയമാണ്. കാല്പനിക പ്രസ്ഥാനത്തിന് അദ്ദേഹം നൽകിയ പ്രചോദനവും പ്രോത്സാഹനവും ചെറുതല്ല. കവിതാരചനയ്ക്ക് മനഃശാസ്ത്രപരമായ വ്യാഖ്യാനം നൽകിക്കൊണ്ട് ഭാവന, കൽപ്പന എന്നീ ഘടകങ്ങളുടെ പ്രാധാന്യം വ്യക്തമാക്കി, ഭാവനയ്ക്ക് ഇന്ദ്രിയ സംവേദനക്ഷമമായ പ്രാഥമിക ഭാവന, ശക്തിയിലും പ്രവർത്തനരീതിയിലും വ്യത്യാസം കാണിക്കുന്ന ഭാവന എന്നിങ്ങനെ രണ്ട് വിഭജനം കൽപ്പിക്കുകയും അവയെ വ്യാഖ്യാനിക്കുകയും ചെയ്തു.വ്യക്തിത്വത്തിൽ നിന്നുള്ള മോചനമായി ടി എസ് കവിതയെ നിരീക്ഷിക്കുമ്പോൾ

ലോങ്ങിലെസ് ഉദാത്തതയുടെ ഉറവിടങ്ങൾ ഉത്തമ കൃതികളുടെ അടിസ്ഥാനമായി ചൂണ്ടിക്കാട്ടുന്നു. അതിന് പ്രധാനമായി അഞ്ച് ഘടകങ്ങൾ ഉണ്ടെന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. .സാഹിത്യസംബന്ധിയായ പ്ലേറ്റോയുടെ അനുകരണ സിദ്ധാന്തത്തിനു മറുപടിയായി വികാര വിവേചനം എന്ന മട്ടിൽ വ്യാഖ്യാനത്തിന് വിധേയമായ കഥാർസിസ് എന്ന സിദ്ധാന്തവും മറ്റും കൊണ്ടുവരുന്ന അരിസ്റ്റോട്ടിൽ ഉത്തമമായ സാഹിത്യ വിമർശന സിദ്ധാന്തമാണ് അവതരിപ്പിക്കുന്നത് എന്ന് നിരീക്ഷിക്കപ്പെടുന്നു. ഇത് സാഹിത്യ വിമർശന പ്രസ്ഥാനത്തിൽ മാറ്റുകൂട്ടിയ ഒരു അവതരണം ആയിരുന്നു. പിൽക്കാല സൈദ്ധാന്തികന്മാർക്കെല്ലാം പ്രചോദന പ്രഭവ കേന്ദ്രം കൂടിയായിരുന്നു ഇവയെല്ലാം തന്നെ. സാഹിത്യരചനക്കും സാഹിത്യ ആസ്വാദനത്തിനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുന്നവയാണെന്ന് ഇത് വരെ പറഞ്ഞത് എല്ലാം എന്ന് നമുക്ക് മനസ്സിലായിരിക്കുമല്ലോ. ഇവയെല്ലാം സാഹിത്യത്തിൻറെ നിയമങ്ങൾ അഥവാ സിദ്ധാന്തങ്ങൾ തന്നെയാണ്. ഭട്ടനായകന്റെ ഭുക്തിവാദവും സാധാരണീകരണ സിദ്ധാന്തവും ഭരതന്റെ രസസൂത്ര വ്യാഖ്യാനവും എല്ലാം പാശ്ചാത്യ സാഹിത്യ വിമർശന സിദ്ധാന്തങ്ങളുടെ മൂലമാണെന്ന് കണ്ടെത്താൻ കഴിയും. സാഹിത്യവും അതിൻറെ ധർമ്മവും എവിടെയും ഒന്നായിരിക്കും. അവയെ സംബന്ധിച്ചുള്ള തത്വങ്ങൾക്കും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സമാനത കണ്ടെത്താൻ കഴിയും എന്നതിൽ തർക്കമില്ല.

ഒരു സാഹിത്യകൃതിയെ ഏതെല്ലാം വിധത്തിൽ നമുക്ക് നോക്കിക്കാണാൻ കഴിയുമെന്ന് ഇത്രയും പറഞ്ഞതുകൊണ്ട് ഏറെക്കുറെ മനസ്സിലാക്കാൻ സാധിച്ചു എന്നാൽ സാമാന്യമായി ചിന്തിച്ചാൽ ഇക്കണ്ട നിയമങ്ങളെയെല്ലാം ആശ്രയിച്ച് സാഹിത്യ വിമർശനം നടത്താനോ സാഹിത്യ സിദ്ധാന്തങ്ങൾ രൂപപ്പെടുത്താനോ ശ്രമിക്കേണ്ടതുണ്ടോ എന്ന് ചിന്തിക്കണം. അതിൻറെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഭാരതീയ കാവ്യ നിയമം അതിനെ ഏതാനും ചില ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രം ഒരു സാഹിത്യ കൃതിയെ നോക്കിക്കാണാൻ കഴിയും. സർവ്വകാലികവും സാർവലൗകികവുമായി അംഗീകരിക്കപ്പെട്ടിട്ടുള്ള നിയമങ്ങൾ തന്നെയാണ് അതിലുള്ളത് എന്നതും നിസ്തർക്കമാണ്. എങ്കിലും സാധാരണക്കാർക്ക് സുകൃഹം ആകും വിധം ഒരു കൃതിയെ നോക്കിക്കാണാൻ ഉതകുന്ന ചില മാർഗങ്ങൾ ഇവിടെ നിർദ്ദേശിക്കുന്നു. "ഒരു സാഹിത്യ കൃതി വായിച്ചു കഴിഞ്ഞാൽ നമുക്ക് അടുത്ത ഒരു വായനയിലൂടെ കുറേക്കൂടി മെച്ചപ്പെട്ട മികച്ച പാഠമാക്കി അതിനെ മാറ്റാൻ കഴിയും എന്ന് വാദഗതി യുക്തം തന്നെ എന്നാൽ അത് സാധാരണക്കാർക്ക് പെട്ടെന്ന് ഉൾക്കൊള്ളാൻ കഴിഞ്ഞു എന്ന് വരില്ല. സാഹിത്യകൃതിയുടെ ഘടന, ഭാഷാശൈലി, ആശയങ്ങളുടെയും ഉപാശയങ്ങളുടെയും സന്നിവേശനത്തിലെ ഔചിത്യം, രസ അനുഭവങ്ങൾക്ക് അനുയോജ്യമായ സന്ദർഭം ഒരുക്കൽ, സന്ദേശപരത, ഭാവനാപരത, സാമൂഹ്യബന്ധം, പ്രകൃതിബന്ധം, ബിംബാത്മകത എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കൃതിയെ ഏതൊരു വായനക്കാരനും വിമർശന വിധേയമാക്കാവുന്നതേയുള്ളൂ. അത്തരത്തിലുള്ള വ്യക്തവും ലളിതവും സുഗ്രഹവുമായ ഒരു നിരൂപണ മാർഗ്ഗം നാം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. അത് ഖണ്ഡനമോ മണ്ഡനമോ ആയ വിമർശനമല്ല. ഉചിത- അനുചിത വിവേക ബോധത്തോടെ അനുവാചകന്റെ അനുഭവസാക്ഷ്യപത്രത്തിന്റെ രൂപരേഖ കൂടിയാകണം അത്. എന്നാൽ കേവലം ആസ്വാദനക്കുറിപ്പ് ആകാനും പാടില്ല. അത്തരം വിമർശനങ്ങൾ എഴുത്തിന്റെ മികവ് കണ്ടെത്താനും അതു വർദ്ധിപ്പിക്കാനും ഉതകുന്നവയും ആകണം. ദശമ ഘടകങ്ങളെ ആസ്പദിച്ചിട്ടുള്ള ഒരു വിമർശനനയം അഥവാ നിരൂപണ നയമായി ഇതിനെ കണക്കാക്കാവുന്നതാണ്.

ഒരു സാഹിത്യ രചയിതാവിന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്ന സാഹിത്യശാസ്ത്രം അഥവാ കാവ്യശാസ്ത്രം പാശ്ചാത്യവും പൗരസ്ത്യവുമായ നിരവധി ദർശനങ്ങൾ ഉൾക്കൊള്ളുന്നതാണ്. അക്കാര്യത്തിലും നാം ലളിതവും സുഗ്രഹവുമായ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. ഗുണ ഔചിത്യവും, കാലിക പ്രാധാന്യം, രസാഭിവ്യക്തി, പ്രകൃതിപരത എന്നീ നാല് ഘടകങ്ങൾ എത്രത്തോളം സമഗ്രമായി പ്രതിബിംബിച്ചിരിക്കുന്നു അഥവാ പ്രതിബിംബിക്കണം എന്ന മട്ടിലുള്ള ഒരു സിദ്ധാന്ത രൂപീകരണമാണ് സാഹിത്യ രചനാ തത്വത്തിന്റെ സാമാന്യധാരണ എഴുത്തുകാർക്ക് ലഭ്യമാകാൻ സഹായകമാകുന്നത്. അതിനാൽ തന്നെ അത്തരത്തിലുള്ള ഒരു സൈദ്ധാന്തിക ചർച്ചയും സംബന്ധമായ നിയമാവലിയും രൂപീകരിക്കേണ്ടത് ആവശ്യമാണ്. ദണ്ഡി 10 ഗുണങ്ങളെപ്പറ്റി പറയുന്നുണ്ടെങ്കിലും വിൽക്കാലം ആലങ്കാരികന്മാർ അത് ചുരുക്കിയിട്ടുണ്ട് ദീക്ഷയെക്കുറിച്ചുള്ള ദർശനവും നമുക്ക് മാതൃകയാണ് അവയുടെ സാരാംശം ഉൾക്കൊണ്ടു കൊണ്ടാകണം ഗുണവുചിത്യത്തെ വിശദീകരിക്കേണ്ടത്. ഘടനാ വാദത്തിന്റെ, രസസൂത്രത്തിന്റെ, പൊരുൾ എല്ലാം അതിൽ ഉൾച്ചേർന്നിട്ടുണ്ടാകണം. എങ്കിലും രസാഭിവ്യക്തിയെ കുറിച്ചുള്ള ഒരു നവമായ കാഴ്ചപ്പാടും സിദ്ധാന്തത്തിൽ ഉൾപ്പെടുത്തണം. സാഹിത്യകൃതിയിലെ പ്രമേയത്തിലെ ആശയത്തിന്റെ കാലികമായ പ്രാധാന്യത്തെ ഒരു ഘടകമായി തന്നെ സിദ്ധാന്തിക്കേണ്ടതുണ്ട്. ഒപ്പം പ്രകൃതിയുടെ പ്രാധാന്യം വ്യക്തമാക്കുന്ന കൃതികളെ നിർവചിക്കുന്നതിന് ഉതകുന്ന സിദ്ധാന്തവും രൂപപ്പെടുത്തണം. പരിസ്ഥിതി സൗന്ദര്യദർശനം നിലവിൽ ഉണ്ടെങ്കിലും അതിന് അനുപൂരകം ആംവിധം വേണം പ്രകൃതിപരതയെ നിർവചിക്കേണ്ടത് ഈ വിധത്തിൽ രൂപപ്പെടുത്തുന്ന സാഹിത്യ തത്വ വിചാരത്തിന്റെ ആണിക്കല്ല് “ഗുണ ഔചിത്യം” തന്നെ ആയിരിക്കുകയും വേണം. ഇതിലൂടെ നിലവിലുള്ള വ്യത്യസ്ത ശരണിയിലൂടെ ഒഴുകുന്ന സാഹിത്യ സിദ്ധാന്തരീതികളും വിമർശന രീതികളും നൽകുന്ന അവ്യവസ്ഥിതത്വവും ഒഴിവാക്കി നിയതമായ മാർഗത്തിലൂടെയുള്ള ഒരു നിരൂപണ പദ്ധതി രൂപപ്പെടുത്തുകയും ആ രീതിയിൽ സാഹിത്യകൃതികളെ നോക്കിക്കാണുകയും പുതിയ ഉത്തമ കൃതികളുടെ രചനയ്ക്ക് കളമൊരുക്കുകയും ചെയ്യാൻ ഭാഷാ സാഹിത്യ ഗവേഷണ കുതുകികൾ തയ്യാറാകേണ്ടത് അനിവാര്യമാണ്.